**CHURCH OF GOD IN INDIA, KERALA STATE**

## SUNDAY SCHOOL ANNUAL EXAMINATION, 2022

### ക്ലാസ്സ് 1

(Oral Examination - വാചാപരീക്ഷ)

Marks 100

**I പേരു പറയുക** **(10× 3=30)**

1 . മനുഷ്യരെ ദൈവം എവിടെ പാർപ്പിച്ചു?
2 . ഹാനോക്കിന്റെ മകന്റെ പേരെന്ത് ?
3 . യാക്കോബിന്റെ സഹോദരന്റെ പേരെന്ത്?
4 . യിസ്രയേലിലെ രണ്ടാമത്തെ രാജാവ് ആര് ?
5 . മറിയയ്ക്കു പ്രത്യക്ഷപ്പെട്ട ദൂതന്റെ പേരെന്ത് ?
6 . യേശുവിന് എത്ര ശിഷ്യന്മാർ ഉണ്ടായിരുന്നു ?
7 . ഒരു ഇടയന് എത്ര ആടുണ്ടായിരുന്നു ?
8 . മോശെയുടെ പെങ്ങളുടെ പേരെന്ത്?
9 . യേശുവും ശിഷ്യന്മാരും ശമര്യയിൽ എത്ര ദിവസം താമസിച്ചു ?
10 . യേശുവിനെ അടക്കിയ മന്ത്രി ആരായിരുന്നു ?

**II ഉത്തരം പറയുക** **(5× 4=20)**

1. ദാഹിച്ചപ്പോൾ യിശ്മായേലിന്റെ അമ്മ എന്ത് ചെയ്തു?
2. ദൂതന്മാരുടെ സംഘം ഒന്നിച്ചു പാടിയ പാട്ട്?
3. യേശുവിന്റെ ശരീരം കല്ലറയിൽ വെച്ച ശേഷം നേതാക്കൾ പീലാത്തോസ്സിനോട് എന്ത് പറഞ്ഞു?
4. ദൈവം ആദാമിനെ സൃഷ്ടിച്ചത് എങ്ങനെ ആയിരുന്നു?
5. പടയാളികൾ യേശുവിനെ ഉപദ്രവിച്ചത് എങ്ങനെ എല്ലാം ?

**III ആര് ആരോടു പറഞ്ഞു** **(3× 3=9)**

1. "നീ പുറപ്പെട്ടു മഹാനഗരമായ നീനെവേയിലേക്കു ചെന്ന് അതിനു വിരോധമായി പ്രസംഗിക്ക; അവരുടെ ദുഷ്ടത എന്റെ സന്നിധിയിൽ എത്തിയിരിക്കുന്നു"
2. "ഭയപ്പെടേണ്ടാ; സർവജനത്തിനും ഉണ്ടാകുവാനുള്ളോരു മഹാസന്തോഷം ഞാൻ നിങ്ങളോടു സുവിശേഷിക്കുന്നു".
3. "അപ്പാ, തീയും വിറകും ഉണ്ട്; എന്നാൽ ഹോമയാഗത്തിന് ആട്ടിൻകുട്ടി എവിടെ?".

**IV വിട്ടുപോയ വാക്യഭാഗം പറയുക** **(4× 4 =16)**

1. ശിശുക്കളെ എന്റെ അടുക്കൽ ...............................
2. ഞാൻ അവനെ യഹോവയോടു അപേക്ഷിച്ചുവാങ്ങി .........................
3. ക്രിസ്തു നമ്മുടെ പാപങ്ങൾക്ക് വേണ്ടി ................................
4. അപ്പനെ പരിഹസ്സിക്കുകയും ................................

**V നിങ്ങൾ പഠിച്ച മനഃപാഠവാക്യങ്ങളിൽ നിന്നും അഞ്ചു വാക്യങ്ങൾ പറയുക** **(5× 5 =25)**

CHURCH OF GOD IN INDIA, KERALA STATE

## SUNDAY SCHOOL ANNUAL EXAMINATION, 2022

### ക്ലാസ്സ് 2

(Oral Examination - വാചാപരീക്ഷ) Marks 100

**I പേരു പറയുക 0** **(10× 3=30)**

1. തിന്നരുതെന്ന് ദൈവം കല്പിച്ച വൃക്ഷഫലം ഏത്?
2. അബ്രഹാമിന്റെ പിതാവിന്റെ പേരെന്ത്?
3. യാക്കോബ് കിടന്നുറങ്ങിയ സ്ഥലത്തിന്റെ പേരെന്തായിരുന്നു?
4. യോസഫിന്റെ മാതാവിന്റെ പേരെന്ത്?
5. ആരുമായുള്ള യുദ്ധത്തിലാണ് ഏലിയുടെ മക്കൾ കൊല്ലപ്പെട്ടത്?
6. 'ജ്ഞാനികളുടെ ജ്ഞാനി' എന്നറിയപ്പെടുന്ന യിസ്രായേൽ രാജാവ് ആര്?
7. യേശു ശുശ്രൂഷ തുടങ്ങിയത് എത്രാമത്തെ വയസ്സിലാണ്?
8. യേശുവിന്റെ സ്വർഗ്ഗാരോഹണം എവിടെനിന്നായിരുന്നു?
9. സെഖര്യാ പ്രവാചകൻ തനിക്കു ലഭിച്ച കുഞ്ഞിന് ഇട്ട പേരെന്ത്?
10. ഇയ്യോബിന്റെ സ്വന്തദേശം ഏത്?

**II ഉത്തരം പറയുക** **(5× 4=20)**

1. സ്വത്തും മക്കളും നഷ്ടപ്പെട്ടപ്പോൾ ഇയ്യോബ് എന്തു പറഞ്ഞു?
2. വീട്ടിലുള്ള എണ്ണ എന്തു ചെയ്യുവാനാണ് പ്രവാചക ശിഷ്യന്റെ ഭാര്യയോട് എലീശ പറഞ്ഞത്?
3. യേശു പിറവിക്കുരുടനെ സൗഖ്യമാക്കിയതെങ്ങനെ?
4. മരണശേഷം ധനവാനും ലാസറിനും എന്തു സംഭവിച്ചു?
5. യൂദ യേശുവിനെ ഒറ്റിക്കൊടുത്തത് എങ്ങനെയാണ്?

**III ആര് ആരോടു പറഞ്ഞു?** **(3× 4=12)**

1. 'സർവ്വ ജനത്തിനും ഉണ്ടാകുവാനുള്ള മഹാസന്തോഷം ഞാൻ നിങ്ങളോട് അറിയിക്കുന്നു'
2. 'എന്റെ മക്കളെ യിസ്രായേൽജനം നിങ്ങളെപ്പറ്റി പറഞ്ഞുകേൾക്കുന്ന കാര്യങ്ങൾ നന്നല്ല'?
3. 'ഇവിടെ ഒരു ബാലകൻ ഉണ്ട്, അവന്റെ കയ്യിൽ അഞ്ച് അപ്പവും രണ്ട് മീനും ഉണ്ട്'

**IV അർത്ഥം പറയുക** **(2× 3 =6)**

1 മാറാ 2. ശീലോഹാം 3. യിസഹാക്ക്

**V വിട്ടുപോയ വാക്യഭാഗം പറയുക** **(4× 3 =12)**

1. അബ്രഹാം ദൈവത്തെ വിശ്വസിച്ചു. അത്..................................(റോമ.4:3)
2. ഈ യേശുവിനെ ദൈവം ഉയർത്തെഴുന്നേൽപിച്ചു. അതിന് ..................... (അപ്പോ.പ്ര. 2:32)
3. ................................ ദീനക്കാരനെ രക്ഷിക്കും (യാക്കോബ് 5 :15
4. യഹോവയുടെ ദൂതൻ അവന്റെ ഭക്തന്മാരുടെ ചുറ്റും ......................(സങ്കീ.34:7)

**VI നിങ്ങൾ പഠിച്ച മനഃപാഠവാക്യങ്ങളിൽ നിന്നും അഞ്ചു വാക്യങ്ങൾ പറയുക** **(4×5 =20)**

**CHURCH OF GOD IN INDIA, KERALA STATE**

## SUNDAY SCHOOL ANNUAL EXAMINATION, 2022

### ക്ലാസ്സ് 3

Time 2 hrs.
Marks 100

**I ശരിയായ ഉത്തരം തെരഞ്ഞെടുത്ത് എഴുതുക** (1-10) **(10×1=10)**

1. യോഹന്നാൻസ്നാപകന്റെ പ്രധാന സന്ദേശം എന്ത്?
( മാനസാന്തരം, നിത്യത, രക്ഷ )
2. ദൈവം ആദ്യം നല്ലത് എന്ന് പറഞ്ഞത് എന്തിനെ പറ്റിയാണ്?
( വെളിച്ചം, ആകാശം,സമുദ്രം )
3. യേശുക്കുഞ്ഞിനെ കാത്ത് ദേവാലയത്തിൽ പാർത്ത പ്രവാചകി ആര്?
(ഹന്ന, ദെബോര, മറിയ)
4 മോശെയുടെ സഹോദരന്റെ പേരെന്ത്?
(അഹരോൻ, യോനാ, യോശുവ,)
5. ഹാഗാറിന്റെ സ്വന്തം സ്ഥലം ഏത്?
( മിസ്രയീം, ബാബേൽ, കനാൻ )
6. യേശുവിന്റെ ക്രൂശ് നിർബന്ധിച്ച് ചുമപ്പിച്ചത് ആരെകൊണ്ടായിരുന്നു?
(ശീമോൻ, ബറബാസ്, യോസേഫ് )
7. മോശെയുടെ ഭാര്യയുടെ പേരെന്ത്?
(മിര്യാം, റിബേക്ക, സിപ്പോറ)
8. യാക്കോബ് ഏശാവിനെ ഭയപ്പെട്ട് ഓടിപ്പോയ സ്ഥലം?
(പദ്ദൻഅരാം, മിസ്രയീം, കനാൻ )
9. മീൻപിടുത്തത്തിന് ഗലീലക്കടലിൽ പോയ ശിഷ്യന്മാർ എത്ര
പേരായിരുന്നു? (12, 10, 7)
10. തബീഥാ താമസിച്ചിരുന്ന പട്ടണം ഏത്?
( യോപ്പ, ലുദ്ദ, ഫിലിപ്പി )

**II പേരെഴുതുക** (11-15) **(5×1=5)**

11. പത്രൊസിനെ തടവിലാക്കിയ രാജാവാര്?
12. നയമാന്റെ കുഷ്ഠരോഗം സൗഖ്യമാക്കിയ പ്രവാചകനാര്?
13. ജനം എവിടെവച്ചാണ് ശൗലിനെ രാജാവായി തിരഞ്ഞെടുത്തത്?
14. ക്രിസ്തീയസഭ ആരംഭിച്ചത് എന്നാണ്?
15. മുടന്തൻ ഇരുന്ന ദേവാലയ ഗോപുരവാതിലിന്റെ പേരെന്ത്?

**III പൂരിപ്പിക്കുക** (16-20) **(5×1=5)**

16. കനാന്യസ്ത്രീയുടെ വിശ്വാസത്തെ യേശു ..................... എന്ന് വിളിച്ചു.
17. എണ്ണ .............................. കാണിക്കുന്നു.
18. ഏലീയാവ് .............................. ദേശക്കാരനായിരുന്നു.
19. ‘ ........................ ദൈവത്തിനു മഹത്വം ഭൂമിയിൽ ദൈവപ്രസാദമുള്ള
മനുഷ്യർക്ക് സമാധാനം. ‘
20. അഗ്നിജ്വാലയിൽ നെബൂഖദ്നേസർ രാജാവ് .............. പേരെ കണ്ടു.

**IV അർത്ഥം എഴുതുക** (21-25) **(5×2=10)**

21. യിശ്മായേൽ 22. പെന്തെക്കോസ്ത്
23. നയീൻ 24.തബീഥാ 25.മെരീബാ

**V ചേരുംപടി ചേർക്കുക** (26-30) **(5×2=10)**

| | | |
|---|---|---|
| 26. | താലന്ത് | ഗോൽഗോഥാ |
| 27. | ഏലീയാവ് | യോനാഥാൻ |
| 28. | യേശു | യിസഹാക്ക് |
| 29. | അബ്രഹാം | എലീശ |
| 30. | ദാവീദ് | പണത്തിന്റെതൂക്കം. |

**VI തെറ്റോ ശരിയോ എന്നെഴുതുക** (31-34) **(4×1=4)**

31. ഗോല്യാത്തു 40 ദിവസം യിസ്രായേൽമക്കളെ വെല്ലുവിളിച്ചു.
32. ബാബേൽഗോപുരം പണിതത് മിസ്രയിമിൽ ആണ്.
33. തബീഥ യേശുവിന്റെ ഒരു ശിഷ്യയാണ്.
34. മറുരൂപമലയിൽ മൂന്ന് പഴയനിയമഭക്തർ പ്രത്യക്ഷപ്പെട്ടു.

**VII ആര് ആരോടു പറഞ്ഞു?** (35-38) **(4×2=8)**

35. ‘നിനക്ക് സമ്മതമെങ്കിൽ ഞാൻ ഇവിടെ മൂന്നു കുടിൽ ഉണ്ടാക്കാം’.
36. ‘എനിക്കും മരണത്തിനും മധ്യേ ഒരു അടി അകലം മാത്രമേ ഉള്ളൂ’.
37. ‘എന്റെപിതാവേ, എന്റെപിതാവേ യിസ്രായേലിന്റെ തേരും തേരാളിയും
ആയുള്ളോവേ’
38. ‘നീ യഹൂദന്മാരുടെ രാജാവോ’.

**VIII ഒന്നോ, രണ്ടോ വാക്യങ്ങളിൽ ഉത്തരമെഴുതുക**(39-42) **(4×3=12)**

39. നയമാന്റെ കുഷ്ഠരോഗം ഗേഹസിക്കു പിടിപെടുവാൻ കാരണംഎന്ത്?
40. അർദ്ധരാത്രിയിലെ ആർപ്പുവിളി എന്തായിരുന്നു?
41. മീൻപിടിച്ച് ക്ഷീണിച്ച ശിഷ്യന്മാർക്കായി യേശുവിന്റെ കരുതൽ
എന്തായിരുന്നു?
42. യേശുവിന്റെ സ്നാനസമയത്ത് സ്വർഗത്തിൽ നിന്ന് കേട്ട ശബ്ദം എന്ത്?

**IX ഒരു പേജിൽ കവിയാതെ എഴുതുക** (ഏതെങ്കിലും ഒന്ന്) **(1×10=10)**

43. a) യിസ്രായേലിനോടു യുദ്ധത്തിനു വന്ന ശത്രുക്കൾ ആര്? അവർ
എത്ര ദിവസം വെല്ലുവിളിച്ചു? ദാവീദ് എങ്ങനെ ഗോല്യാത്തിനെ
കൊന്നു? or
b) താലന്തുകളുടെ ഉപമ വിവരിക്കുക.

**X വാക്യം പൂരിപ്പിക്കുക** (44-45) **(2×3=6)**

44. ........................... എല്ലാക്കാലത്തും സ്നേഹിക്കുന്നു.
45. ............................ ആദി മുതൽ പാപം ചെയ്യുന്നുവല്ലോ.

**XI മനഃപാഠ വാക്യം എഴുതുക** (46-49) **(4×5=20)**

46. ഗലാത്യർ 6.10 47. അപ്പൊസ്തപ്രവർത്തി 16.31
48. മത്തായി 7.7 49. സങ്കീർത്തനം 75.7
50. സങ്കീർത്തനം 103.3

**CHURCH OF GOD IN INDIA, KERALA STATE**

## SUNDAY SCHOOL ANNUAL EXAMINATION, 2022

**ക്ലാസ്സ് 4**

Time 2 hrs.
Marks 100

**I ശരിയായ ഉത്തരം എടുത്ത് എഴുതുക** (1-10) **(10×1=10)**

1. ഹന്നയുടെ മകന്റെ പേര് എന്ത്?
(ഹൊഫ്നി, ശാമുവേൽ, ഫീനെഹാസ്)
2. എത്രാമത്തെ വയസിലാണ് ഹാനോക്കിന് ആദ്യത്തെ മകൻ ജനിക്കുന്നത്?
(65 , 75 , 85)
3. പഴയനിയമം ഏതു ഭാഷയിൽ എഴുതി?
(എബ്രായ, ലത്തീൻ, ഗ്രീക്ക്)
4. ദൈവം ഇത് ആരോട് കല്പിച്ചു? 'നീ നന്മചെയ്യുന്നു എങ്കിൽ പ്രസാദമുണ്ടാകയില്ലയോ?' (കയീൻ, ഹാബേൽ, ആദം)
5. എവിടെവെച്ചാണ് തേരഹ് മരിച്ചത്? (സൊദോം , ഗൊമോറ , ഹാരാൻ)
6. യിസ്ഹാക്ക് ജനിച്ചപ്പോൾ അബ്രഹാമിനും സാറായിക്കും എന്ത് പ്രായം ഉണ്ടായിരുന്നു ((100,80) , (100,90) ,(100,100))
7. പുരോഹിത ഗോത്രം ഏത്? (യെഹൂദ , ലേവി , നഫ്താലി)
8. യോസഫ് എത്രാമത്തെ മകനായിരുന്നു? (9 ,10 ,11)
9. ഏത് ബാധയോടുകൂടെയാണ് ഫറവോൻ ജനത്തെ വിട്ടയച്ചത്?.
(കൽമഴ, പേൻ, കടിഞ്ഞൂൽ സംഹാരം)
10. ഹാനോക്കിന്റെ ആയുഷ്കാലം എത്ര സംവത്സരമായിരുന്നു?.
(622, 930, 365)

**II പേരെഴുതുക** (11-15) **(5×1=5)**

11. അബ്രഹാമിന്റെ സ്വന്തം സ്ഥലത്തിന്റെ പേരെന്ത്?.
12. യാക്കോബിന്റെ ഇഷ്ടഭാര്യയുടെ പേരെന്ത്?
13. രക്ഷിതാവ് എന്ന അർത്ഥം വരുന്ന പേര്?
14. ഏലിയാവ് ജീവിച്ചിരുന്ന കാലത്ത് ഇസ്രായേൽ ഭരിച്ച രാജാവിന്റെ പേരെന്ത്?
15. ഹിസ്ക്കിയാവിനോട് യുദ്ധത്തിന് വന്ന അശൂർ രാജാവിന്റെ പേര്?

**III പൂരിപ്പിക്കുക** (16-20) **(5×1=5)**

16. രാഹാബ് ഒറ്റുകാരെ ............. ഇടയിൽ ഒളിപ്പിച്ചത്
17. മോശെ സീനായി പർവ്വതത്തിൽ .............. ദിവസം ദൈവത്തോട് കൂടി ചെലവഴിച്ചു.
18. .................... യഹൂദന്മാരുടെ ഇടയിലെ ഒരു ഗുരുവും പ്രമാണിയും പരീശനുമായിരുന്നു
19. യേശുവിന്റെ രണ്ടാമത്തെ വിസ്താരം ......................... കോടതിയിൽ ആയിരുന്നു.
20. ഉയിർത്തെഴുന്നേല്പിന്റെ നാല്പതാം ദിവസം യേശു .............നിന്നും സ്വർഗത്തിലേക്ക് കരേറിപോയി.

**IV അർത്ഥം എഴുതുക** (21-23) **(3×1=3)**

21. ഗെത് സെമന 22. ബേഥേസ്ദാ 23. കാർമ്മേൽ

**V ചേരുംപടി ചേർക്കുക** (24-28) **(5×1=5)**

| | | |
|---|---|---|
| 24. | ആഹാബ് | ഒറ്റുകാരിൽ ഒരുവൻ |
| 25. | യോശുവ | പത്തു ബാധകൾ |
| 26. | ഇസബെൽ | പാപിനിയായ സ്ത്രീ |
| 27. | ഫറവോൻ | ഭാര്യ വിഗ്രഹങ്ങളെ ആരാധിച്ചു |
| 28. | മറിയ | ദുഷ്ട സ്ത്രീ |

**VI തെറ്റോ ശരിയോ എന്നെഴുതുക** (29-32) **(4×1=4)**

29. യേശുവും ശിഷ്യന്മാരും പതിവായി പ്രാർത്ഥിച്ച സ്ഥലം ഗോൽഗോഥാ ആയിരുന്നു.
30. ഇസ്രായേൽ മക്കൾ 40 വർഷം മരുഭൂമിയിൽ ആയിരുന്നു.
31. ഉയിർത്തെഴുന്നേറ്റ ക്രിസ്തു ആദ്യം പ്രത്യക്ഷപ്പെട്ടത് പത്രോസിന് ആയിരുന്നു.
32. ജോസഫ് ആയിരുന്നു ഫറവോന്റെ സ്വപ്നങ്ങൾ വ്യാഖ്യാനിച്ച വ്യക്തി.

**VII ആര് ആരോട് പറഞ്ഞു?** (33-36) **(4×2=8)**

33. 'ആ ജനത്തെ ശപിക്കയുമരുത്, അവർ അനുഗ്രഹിക്കപ്പെട്ടവർ ആകുന്നു'
34. 'അവൻ എന്നെ കൊന്നാലും ഞാൻ അവനെ തന്നെ കാത്തിരിക്കും'.
35. 'ഞാൻ എന്റെ അനുജന്റെ കാവൽക്കാരനോ'.
36. 'ഇസ്രായേലിനെ കഷ്ടപ്പെടുത്തുന്നത് ഞാനല്ല, നീയും നിന്റെ പിതൃഭവനവുമത്രെ'

**VIII കാരണം എഴുതുക** (37-39) **(3×3=9)**

37. യോശുവ സൗരയൂഥത്തെ നിശ്ചലമാക്കിയതിന്റെ കാരണമെന്ത്?
38. ഫറവോൻ ഇസ്രായേൽ മക്കളെ വിട്ടയപ്പാൻ കാരണമെന്ത്?.
39. യേശു ദൈവാലയം ശുദ്ധീകരിപ്പാൻ മുന്നോട്ടു വരാൻ കാരണമെന്ത്?

**IX രണ്ടോ മൂന്നോ വാക്യങ്ങളിൽ ഉത്തരം എഴുതുക**(40-45) **(6×3=18)**

40. ഏലി പുരോഹിതന്റെ അന്ത്യം എങ്ങനെയായിരുന്നു?.
41. രാഹാബ് രക്ഷപ്പെടുവാൻ അടയാളമായി എന്തു ചെയ്തു?
42. ഹാബേലിന്റെ യാഗത്തിൽ ദൈവം പ്രസാദിച്ചതിനാൽ കായീൻ എന്തു ചെയ്തു?
43. സോദോം ഗൊമോറാ പട്ടണങ്ങളെ നശിപ്പിക്കുന്നതിനു മുൻപ് ജീവരക്ഷയ്ക്കായി പട്ടണത്തിന് പുറത്തേക്ക് ഓടി പോകുമ്പോൾ ലോത്തിന്റെ ഭാര്യ എന്തുകൊണ്ടാണ് തിരിഞ്ഞു നോക്കിയത് ?
44. അബ്രഹാം കഴിച്ച ഹോമയാഗം എന്തിന്റെ നിഴലായിരുന്നു?
45. യാക്കോബിന് ലാബാൻ എന്ത് പ്രതിഫലമാണ് വാഗ്ദാനം ചെയ്തത്?

**X** 46.ജോസഫിനോട് സഹോദരന്മാർക്ക് അസൂയ തോന്നുവാനുള്ള കാരണങ്ങൾ ഏവ? **(1×5=5)**

**XI ഒരു പേജിൽ കവിയാതെ എഴുതുക** (ഏതെങ്കിലും ഒന്ന്) **(1×12=12)**

47. **a)** യേശുക്രിസ്തു ഉയർത്തെഴുന്നേറ്റ ശേഷം ആർക്കൊക്കെയാണ് പ്രത്യക്ഷമായത്? വിവരിക്കുക **OR**

**b)** 'വെള്ളത്താലും ആത്മാവിനാലും ജനിച്ചില്ല എങ്കിൽ ദൈവരാജ്യത്തിൽ കടക്കയില്ല' ഈ വാക്യത്തിന്റെ സന്ദർഭവും അർത്ഥവും വിശദീകരിക്കുക

**XII വാക്യം എഴുതുക** (48-51) **(4×4=16)**

48. 1 കൊരി. 2 : 9
49. 1 തിമൊ. 6 : 10
50. യോഹ. 4 : 24
51. ലൂക്കോ. 18 : 07

**CHURCH OF GOD IN INDIA, KERALA STATE**

## SUNDAY SCHOOL ANNUAL EXAMINATION, 2022

**ക്ലാസ്സ് 5**

Time: 2Hrs
Marks: 100

**I. ശരിയായ ഉത്തരം തെരഞ്ഞെടുത്ത് എഴുതുക** (1-10) **(10 X 1 =10)**

1. ശാമുവേൽ ശൗലിനെ ചീട്ടിട്ട് രാജത്വം പരസ്യമായി പ്രഖ്യാപിച്ചത് എവിടെ വച്ചായിരുന്നു? (മിസ്പയിൽ, ഗിൽഗാൽ, രാമ )
2. അമ്മോന്യ സ്ത്രീയായ നയമാ ആരുടെ അമ്മയാണ് ? (രെഹബയാം , യൊരൊബെയാം, ശലോമോൻ)
3. മൃഗത്തിന് എങ്കിലും പുല്ലു കിട്ടുമോ എന്ന് അന്വേഷിച്ചിറങ്ങിയ ഇസ്രായേൽ രാജാവ് ആര്? (ഏലിയാവ്, ആഹാബ്, മിഖായാവ്)
4. എത്രാമത്തെ വയസ്സിലാണ് അഹരോൻ മരിച്ചത്? (100,120,123)
5. പുരോഹിതനായ ന്യായാധിപൻ ആരാണ്? (ശമുവേൽ, ശിംശോൻ, ഏലി)
6. ജീവിച്ചിരുന്ന കാലത്ത് കൊന്നവരേക്കാൾ അധികം മരിച്ച സമയത്ത് കൊന്ന വ്യക്തി ആര്? (അഹരോൻ, ശിംശോൻ, ഗിദയോൻ)
7. ശൗലിന്റെ ഗോത്രം ഏതാണ്? (യെഹൂദ , ലേവി , ബെന്യാമിൻ)
8. യൂറോപ്പ് ഭൂഖണ്ഡത്തിലെ ആദ്യത്തെ സഭ ഏതാണ്? (ഫിലിപ്യ സഭ ,കൊരിന്ത്യ സഭ , എഫസോസ് സഭ )
9. പെർപെച്ചായുടെ രക്തസാക്ഷി മരണം ഏതു റോമൻ ചക്രവർത്തിയുടെ കാലത്തായിരുന്നു ( സെപ്റ്റിമസ് സേവറസ് , നീറോ , ഗല്സ് സീസർ )
10. കർത്താവേ, അവർക്കു ഈ പാപം നിറുത്തരുതേ എന്നു ഉച്ചത്തിൽ നിലവിളിച്ചു നിദ്രപ്രാപിച്ച വ്യക്തി. (കൊർന്നേല്യൊസ്, ബെർന്നബാസ് , സ്തെഫാനോസ്)

**II. പേരെഴുതുക** (11-15) **(5 X 1 =5)**

11. ഗിദയോന്റെ പിതാവിന്റെപേരെന്ത്?.
12. രെഹബെയാമിനോട് യുദ്ധത്തിന് വന്ന മിസ്രയിം രാജാവിന്റെ പേരെന്ത്?
13. വിശുദ്ധനായ സെബാസ്റ്റ്യന്റെ ജന്മ സ്ഥലത്തിൻറെ പേരെന്ത് ?
14. ജാതികളിൽ നിന്നും ആദ്യമായി ക്രിസ്ത്യാനിയായിത്തീർന്ന ആൾ?
15. യോഹന്നാൻ സ്നാപകൻ ദൈവത്തിന്റെ ശുശ്രൂഷ മരുഭൂമിയിൽ ആരംഭിച്ചപ്പോൾ ആരാണ് യഹൂദനാട് ഭരിച്ചിരുന്നത്?

**III. പൂരിപ്പിക്കുക** (16-20) **(5 X 1 =5)**

16. ആബീബ് മാസം .......... തീയതി ഓരോ ഇസ്രായേല്യ കുടുംബവും ഊനമില്ലാത്ത പെസഹകുഞ്ഞാടിനെ അറുക്കേണം.
17. യുദ്ധത്തിൽ ജയിച്ചതിന്റെ ബഹുമതി ദെബോരായിക്കും ശത്രു സേനാ നായകനെ കൊന്നതിന്റെ ബഹുമതി ............... എന്ന സ്ത്രീക്കും ആണ് ലഭിച്ചത്.
18. ആധുനിക ഇന്ത്യയുടെ അപ്പോസ്തോലൻ എന്നറിയപ്പെടുന്നത്................എന്ന വ്യക്തിയാണ്.
19. ഫിലിപി പട്ടണത്തിൽ മൂന്നാമതായി .......... കുടുംബവും ക്രിസ്ത്യാനിയായിത്തീർന്നു.
20. ഒന്നാം മിഷനറി യാത്രയിൽ പൗലോസിന്റെ സഹയാത്രികൻ................ ആയിരുന്നു.

**IV. അർത്ഥം എഴുതുക** (21-24) **(4 X 1 =4)**

21. പെസഹ 22. അഹരോൻ 23. ഗിദയോൻ 24. പത്രോസ്

**V. ചേരുംപടി ചേർക്കുക** (25-29) **(5 X 1 =5)**

| | |
|---|---|
| 25. അറുക്കപ്പെട്ട കുഞ്ഞാട് | മീഖായാവ് |
| 26. യഹോവയ്ക്ക് പ്രിയൻ | ശിംശോൻ |
| 27. സൂര്യനെപോലെയുള്ളവൻ | യേശു |
| 28. സത്യം സംസാരിച്ച പ്രവാചകൻ | ആമോസ് |
| 29. ഭാരവാഹി | യെദീദ്യാവു |

**VI. തെറ്റോ ശരിയോ എന്നെഴുതുക** (30-33) **(4 X 1 =4)**

30. യോനാ ദൈവകൽപന ലംഘിച്ച് നീനേവെയിലേക് പോയി.
31. ഏലിയാവ് പ്രാർത്ഥിച്ചപ്പോൾ മൂന്നു സംവത്സരം ആറു മാസവും ദേശത്ത് മഴ പെയ്തില്ല.
32. യൂറോപ്പിലെ പ്രഥമ വിശ്വാസിയായിരുന്നു പോളികാർപ്പ് .
33. ഗിദയോൻ ഒരു യാഗപീഠം പണിതു അതിനു യഹോവ ശാലോം എന്ന് പേരിട്ടു.

**VII. ആര് ആരോട് പറഞ്ഞു?** (34-37) **(4 X 2=8)**

34. 'നിനക്കു പകരം അവൻ ജനത്തോടു സംസാരിക്കും അവൻ നിനക്കു വായായിരിക്കും'
35. 'പുറപ്പെട്ടുചെല്ലുക; യഹോവ ഇന്നു സീസെരയെ നിന്റെ കയ്യിൽ ഏല്പിച്ചിരിക്കുന്നു; യഹോവ നിനക്കു മുമ്പായി പുറപ്പെട്ടിരിക്കുന്നു'
36. 'യഹോവയാണ, യഹോവ എന്നോടു അരുളിച്ചെയ്യുന്നതു തന്നേ ഞാൻ പ്രസ്താവിക്കും'.
37. 'നീ ഈ സമയത്തു മിണ്ടാതിരുന്നാൽ യെഹൂദന്മാർക്കു മറ്റൊരു സ്ഥലത്തുനിന്നു ഉദ്ധാരണവും രക്ഷയും ഉണ്ടാകും;'

**VIII. കാരണം എഴുതുക** (38-39) **(2 X 3=6)**

38. എക്രോനിലെ ദേവനായ ബാൽ സെബൂബിനോടു അരുളപ്പാട് ചോദിക്കാൻ ഇസ്രായേൽ രാജാവ് അഹസ്യവ് ദൂതന്മാരെ അയച്ചതിന്റെ കാരണമെന്ത് ?
39. ഗിദയോന് യെരുബ്ബാൽ എന്ന പേര് വരാൻ കാരണമെന്ത്?

**IX. ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക** (40-42) **(3 X 3=9)**

40. യിപ്താഹിന്റെ നേർച്ച എന്തായിരുന്നു? ആരെയാണ് യഹോവയ്ക്കു ഹോമയാഗം കഴിച്ചത്?
41. മോശയുടെ ജീവിതത്തിലെ മൂന്നു ഘട്ടങ്ങൾ എഴുതുക.
42. സങ്കേത നഗരം ആർക്കുള്ളതാണ്?

**X.** 43. വിദേശ മിഷനറിയായ റോബർട്ട് എഫ് കുക്ക് കേരളത്തിലെ ദൈവസഭയ്ക്ക് നൽകിയ സംഭാവനകൾ എഴുതുക **(1 X 5 =5)**

**XI. ഒരു ഖണ്ഡികയിൽ കുറയാതെ ഉത്തരം എഴുതുക. (ഏതെങ്കിലും ഒന്നിന്)** **(1 X 5 =5)**

44. a) പോളികാർപ്പിന്റെ അന്ത്യം വിവരിക്കുക. **Or**
b) എങ്ങനെയാണ് ഇസ്ലാം മത വിശ്വാസിയായ ജിറോനിമോ ഒരു ക്രിസ്തീയ വിശ്വാസിയായി മാറിയത്?

**XII. ഒരു പേജിൽ കുറയാതെ ഉത്തരമെഴുതുക (ഏതെങ്കിലും ഒന്നിന്)** **(1 X12=12)**

45. a) ക്രൈസ്തവ പീഡന കാരണങ്ങളും അതിന്റെ അനന്തര ഫലങ്ങളും എഴുതുക. **Or**

b) ഗ്രഹാം-ഗ്ലാഡിസ് ദമ്പതികളുടെ സേവനങ്ങൾ എന്തൊക്കെയായി രുന്നു? എങ്ങനെയാണ് ഗ്രഹാമും കുട്ടികളും മരണമില്ലാത്ത ലോകത്തിലേക്കു മാറ്റപ്പെട്ടത്?

**XIII. വാക്യം പൂരിപ്പിക്കുക** (46-47) **(2 X3=6)**

46) 46. കന്യക ഗർഭിണിയായി ഒരു മകനെ പ്രസവിക്കും; അവന്നു ............... എന്നു പേർ വിളിക്കും.
47. നിങ്ങൾ എന്നെ കർത്താവിൽ ............എന്നു എണ്ണിയിരിക്കുന്നു വെങ്കിൽ എന്റെ വീട്ടിൽ വന്നു പാർപ്പിൻ.

**XIV. വാക്യം എഴുതുക** (48-51) **(4 X 4=16)**

48.ലൂക്കോ. 14 : 26 49.യോഹ. 12 : 24 50. എസ്ഥേർ 8:6 51.സങ്കീ 112 :1

CHURCH OF GOD IN INDIA, KERALA STATE

## SUNDAY SCHOOL ANNUAL EXAMINATION, 2022

**ക്ലാസ്സ് 6**

Time 2 hrs.
Marks 100

**I ശരിയായ ഉത്തരം തെരഞ്ഞെടുത്ത് എഴുതുക** (1–10) **(10 x 1=10)**

1. നഥനയേലിനെ യേശുവിന് പരിചയപ്പെടുത്തി കൊടുത്ത ശിഷ്യൻ ആരായിരുന്നു? (പത്രോസ്, യാക്കോബ്, ഫിലിപ്പോസ്)
2. തിമൊഥെയോസിന്റെ വലിയമ്മയുടെ പേരെന്ത്? (യുനിക്ക, ലോവിസ്, ഫേബ)
3. ഇയ്യോബിന്റെ ജന്മദേശം ഏതായിരുന്നു? (ബേത്‌ലഹേം, ഊർ, ഊസ്)
4. ദൈവം യിസ്രായേൽ മക്കൾക്ക് മന്ന കൊടുത്ത സ്ഥലം ഏത്? (സീൻ മരുഭൂമി, ശൂർ മരുഭൂമി, കാദേശ്)
5. നെബുഖദ്നേസർ കണ്ട സ്വപ്നത്തിന്റെ വ്യാഖ്യാനം നടത്തിയത് ആരാണ്? (ദാവീദ്, ദാനിയേൽ, ശമുവേൽ)
6. ഫെലിസ്ത്യരുടെ ഇടയിൽനിന്നും കൊണ്ടുവന്ന പെട്ടകം 20 വർഷം ആരുടെ വീട്ടിലാണ് വച്ചിരുന്നത്? (അബിനാദാബ്, ഓബേദ്-ഏദോം, ദാവീദ്)
7. അബ്രഹാമിന്റെ പിതാവിന്റെ പേരെന്ത്? (യാക്കോബ്, തേരഹ്, യിസഹാക്ക്)
8. എലീശ മരണക്കിടക്കയിൽ കിടന്നുകൊണ്ട് ആരോടാണ് ദൈവാലോചന അറിയിച്ചത്? (യോവാശ്, ഏലിയാവ്, ആഹാബ്)
9. മോശ മരിച്ചത് എത്രാമത്തെ വയസ്സിലായിരുന്നു? (120, 110, 90)
10. യിസഹാക്കിന് ഭാര്യയെ തെരഞ്ഞെടുത്ത് കൊണ്ടുവന്നത് ആരായിരുന്നു? (എലയാസർ, അബ്രഹാം, തേരഹ്)

**II പേരെഴുതുക** (11–15) **(5 x 1 = 5)**

11. സകല ദുഷ്ടന്മാരെയും ന്യായം വിധിക്കുന്ന സിംഹാസനം ഏത്?
12. യാക്കോബും മക്കളും യോസഫിന്റെ കാലത്ത് മിസ്രയീമിൽ വന്നു പാർത്ത സ്ഥലം ഏതായിരുന്നു?
13. സ്വന്തം കുട്ടിയെ വളർത്തിയതിന് ശമ്പളം ലഭിച്ച സ്ത്രീ ആരായിരുന്നു?
14. 'ഞങ്ങൾ മശിഹായെ (ക്രിസ്തുവിനെ) കണ്ടെത്തിയിരിക്കുന്നു' എന്നു പറഞ്ഞ ശിഷ്യൻ ആരാണ്?
15. ബാബേൽ രാജ്യത്തെ അവസാനത്തെ ഭരണാധികാരി ആരായിരുന്നു?

**III പൂരിപ്പിക്കുക** (16–20) **(5 x 1 = 5)**

116. പ്രവചനാത്മാവിൽ യേശുക്രിസ്തുവിനെ ശാശ്വത പാറയെന്ന് ..................... വിളിച്ചു.

17. ബാബിലോൺ രാജാക്കന്മാരിൽ പ്രഥമനും പ്രബലനുമായ വ്യക്തിയാണ് ................................

18. ബേത്‌ലഹേമിൽ ക്ഷാമം ഉണ്ടായപ്പോൾ എലിമേലേക്കും കുടുംബവും ................................ ലേക്കു പോയി

19. യഹൂദ ന്യായപ്രമാണം അനുസരിച്ച് മരത്തിന്മേൽ തൂങ്ങുന്നവൻ ............ ആണ്.

20. യേശു .......................................... നദിയിലാണ് മുപ്പതാമത്തെ വയസ്സിൽ സ്നാനമേറ്റത്

**IV അർത്ഥം എഴുതുക** (21–25) **(5 x 1 = 5)**

21. മലാഖി 22. സാറാ 23. ഒനേസിമോസ്
24. ബേത്‌ലഹേം 25. എസ്രാ

**V ചേരുംപടി ചേർക്കുക** (26–30) **(5 x 1 = 5)**

| | | |
|---|---|---|
| 26. | ദാവീദ് | – യിസ്രയേൽ ജനത്തെ വിടുവിക്കാൻ നിയോഗം |
| 27. | ദാനിയേൽ | – തപ്പുകൊട്ടി പാടിയ പ്രവാചകി |
| 28. | മോശ | – മിഷനറിയാത്ര |
| 29. | മിര്യാം | – സ്വപ്നവ്യാഖ്യാനം |
| 30. | തിമൊഥെയോസ് | – കിന്നരംവായനയിൽ നിപുണൻ |

**VI ആര് ആരോട് പറഞ്ഞു** (31–34) **(4 x 2 = 8)**

31. " ഇന്നു നീ എന്നോട് കൂടെ പറുദീസയിൽ ഇരിക്കും"
32. " നിന്റെ ആത്മാവിന്റെ ഇരട്ടിപങ്ക് എന്റെ മേൽ വരുമാറാകട്ടെ"
33. " രാജാവിന്റെ കുന്തവും ജലപാത്രവും എവിടെ?"
34. "നിങ്ങൾ എന്റെ വാക്ക് കേട്ടനുസരിക്കുകയും, എന്റെ നിയമം പ്രമാണിക്കുകയും ചെയ്താൽ നിങ്ങൾ എനിക്ക് സകല ജാതികളിലും വെച്ച് പ്രത്യേക സമ്പത്തായിരിക്കും"

**VII കാരണം എഴുതുക** (35–36) **(2 x 3 = 6)**

35. ഇയ്യോബ് പരീക്ഷിക്കപ്പെടുവാനുള്ള കാരണങ്ങൾ എന്തെല്ലാം?
36. ശൗലിന് ദാവീദിനോട് വിദ്വേഷം ഉണ്ടാകാൻ കാരണം എന്ത്?

**VIII ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക?** (37–39) **(3 x 3 =9)**

37. ശിഷ്യത്വം എന്നാൽ എന്ത്?
38. അബീഗയിലിന്റെ ബുദ്ധിപൂർവ്വമായ പ്രവൃത്തി എന്തായിരുന്നു?
39. ഭൂമിയിൽ ദൈവരാജ്യം സ്ഥാപിക്കപ്പെടുമ്പോൾ മൃഗലോകത്തിന് സംഭവിക്കുന്ന മാറ്റം എന്ത്?

**IX ഉത്തരം എഴുതുക. (40–41)** **(2 x 4 = 8)**

40. പ്രധാനപ്പെട്ട കിരീടങ്ങൾ ഏതെല്ലാം? ഓരോന്നിനെയും കുറിച്ച് ഓരോ വാക്യം എഴുതുക
41. യേശു തിരെഞ്ഞെടുത്ത അപ്പോസ്തലന്മാരുടെ പേരുകൾ എഴുതുക

**X ഒരു ഖണ്ഡികയിൽ കുറയാതെ ഉത്തരം എഴുതുക** (ഏതെങ്കിലും ഒന്ന്) **(1 x 5=5)**

42. 42. ദൈവം മോശയെ പരിശീലിപ്പിച്ച മൂന്നു ഘട്ടങ്ങൾ

**Or**

യിസഹാക്കിന്റെ സ്വഭാവ വൈശിഷ്ട്യങ്ങൾ എന്തെല്ലാം?

**XI ഒരു പേജിൽ കുറയാതെ ഉത്തരമെഴുതുക**(ഏതെങ്കിലും ഒന്ന്) **(1 x 12 =12)**

43. a) യേശുവിനെ 3 വിധത്തിൽ ഇടയനായി എങ്ങനെയെല്ലാം ചിത്രീകരിച്ചിരിക്കുന്നു **Or**

b) രൂത്തിന്റെ സ്വഭാവ സവിശേഷതകൾ എന്തെല്ലാമെന്ന് വിശദീകരിക്കുക?

**XII വാക്യം പൂരിപ്പിക്കുക** (44–45) **(2 x 3 =6)**

44. നിന്നാൽ ഞാൻ പടക്കൂട്ടത്തിന്റെ നേരെ ................................................... .................................... മതിൽ ചാടി കടക്കും
45. ആരും നിന്റെ യൗവനം തുച്ഛീകരിക്കരുത് .............................. മാതൃകയായിരിക്ക.

**XIII വാക്യം എഴുതുക** (46–49) **(4 x 4 = 16)**

46. ലൂക്കോ. 23:34 47) യാക്കോ. 5:17,18 48. ഇയ്യോ. 13:15 49. 2ശമു. 5:10

**CHURCH OF GOD IN INDIA, KERALA STATE**

# SUNDAY SCHOOL ANNUAL EXAMINATION, 2022

## ക്ലാസ്സ് 7

Time 2 hrs.
Marks 100

**I ശരിയായ ഉത്തരം എടുത്ത് എഴുതുക** (1–10) **(10×1=10)**

1. നിത്യതയിലേക്ക് കടക്കുവാനുള്ള ആദ്യ പടിയാണ് ..................... എന്നത് (രക്ഷിക്കപ്പെടുക, സ്നാനപ്പെടുക, അന്യഭാഷ പറയുക)
2. യേശുവിന്റെ ജനനസമയത്ത് റോമാചക്രവർത്തിയുടെ കീഴിൽ പാലസ്തീൻ ഭരിച്ച രാജാവ് ആര്? (പീലാത്തോസ്, വലിയ ഹെരോദാവ്, അർക്കലെയോസ്)
3. ഏതു ചക്രവർത്തിയുടെ വിളംബരത്തിലൂടെയാണ് യഹൂദന്മാർക്ക് പാലസ്തീൻ പൂർണ്ണമായി നഷ്ടപ്പെട്ടത്? (അലക്സാണ്ടർ, അഗസ്റ്റസ് കൈസർ, ഹെഡ്രിയാൻ)
4. യേശുക്രിസ്തുവിന്റെ പഠിപ്പിക്കലിന്റെ മുഖ്യവിഷയം ............................... എന്നതായിരുന്നു (ദൈവരാജ്യം, മാനസാന്തരം, രക്ഷ)
5. കർത്താവ് സ്വർഗ്ഗാരോഹണം ചെയ്തത് എവിടെ നിന്നാണ്? (ഗലീല, ഒലിവുമല, യെരുശലേം)
6. ആദ്യം എഴുതപ്പെട്ട സുവിശേഷഗ്രന്ഥം ഏത്? (മത്തായി, മർക്കൊസ്, യോഹന്നാൻ)
7. ഏത് സ്ഥലം മുതലാണ് മരുഭൂമിയാത്രയിൽ മന്ന ലഭിച്ചു തുടങ്ങിയത്? (സീൻ, രഫീദിം, സീനായി)
8. യഹൂദ്യയിലെ രാജാക്കന്മാർ ആരുടെ പിൻതുടർച്ചക്കാരായിരുന്നു? (ഫറവോൻ, ദാവീദ്, ആഹാബ്)
9. യേശുക്രിസ്തുവിന്റെ കാലത്തെ ദൈവാലയം പുതുക്കിപ്പണിതത് ആര്? (ദാര്യാവേശ്, നെഹമ്യാവ്, ഹെരോദാവ്)
10. യേശു തന്റെ പരസ്യശുശ്രൂഷാവേളയിൽ എത്ര പേരെ ഉയിർപ്പിച്ചു? (3, 7, 2)

**II പേരെഴുതുക** (11–15) **(5×1=5)**

11. കാലേബിന്റെ അനുജൻ
12. തിരുവത്താഴത്തിന്റെ സ്ഥാപകൻ
13. ഇടങ്കയ്യനായ ന്യായാധിപൻ
14. പഴയനിയമത്തിലെ കേന്ദ്രബിന്ദുവായ മല
15. ശലോമോന്റെ മാതാവ്

**III പൂരിപ്പിക്കുക** (16–20) **(5×1=5)**

16. ............................. എന്ന വാക്കാണ് സ്നാനം എന്നതിന് ഗ്രീക്ക് ഭാഷയിൽ ഉപയോഗിച്ചിരിക്കുന്നത്.
17. ശലോമോൻ മൂവായിരം സദൃശ്യവാക്യങ്ങളും ...................... ഗീതങ്ങളും രചിച്ചു.
18. കർത്താവിന്റെ രഹസ്യവരവിൽ സഭയെ ഒരുക്കിയ ................. ഭൂമിയിൽ നിന്നും മാറ്റപ്പെടും
19. കാൽവറി എന്നത് .......................... ഭാഷയിലെ പദമാണ്
20. ..................... കനാൻ നാടിനു നൽകിയ പേരാണ് പാലസ്തീൻ എന്നത്

**IV അർത്ഥം എഴുതുക** (21–24) **(4×1=4)**

21. സ്തേഫാനോസ്
22. യിസ്രായേൽ
23. മേശു
24. ഹോശന്ന

**V ചേരുംപടി ചേർക്കുക** (25–30) **(6×1=6)**

| | | |
|---|---|---|
| 25. | യോശുവ | മോശെ |
| 26. | അലക്സാൻഡ്രിയ | ഈജിപ്റ്റ് |
| 27. | പിസ്ഗാ | സെപ്റ്റുവജിന്റ് |
| 28. | സീനായ് | യേശു |
| 29. | മിസ്രയീം | കാളക്കുട്ടി |

**VI ആര് ആരോട് എപ്പോൾ പറഞ്ഞു** (31–33) **(3×3=9)**

30. 'നിങ്ങൾ വിശ്വസിച്ചിട്ട് പരിശുദ്ധാത്മാവിനെ പ്രാപിച്ചുവോ?'
31. 'ഇവർ മിണ്ടാതിരുന്നാൽ കല്ലുകൾ ആർത്തുവിളിക്കും'?

**VII കാരണം എഴുതുക** (34–36) **(3×2=6)**

32. ദൈവം ആ തലമുറയിൽ നോഹയെ തിരഞ്ഞെടുത്തു
33. യേശുവിന് അത്ഭുതങ്ങൾ ആവശ്യമായിരുന്നു
34. യേശു യെരുശലേമിനെ കണ്ട് കരഞ്ഞു

**VIII രണ്ടോ മൂന്നോ വാക്യങ്ങളിൽ ഉത്തരമെഴുതുക**(37–40) **(4×2=8)**

35. യേശുവിന്റെ കന്യകാജനനത്തിന്റെ പ്രാധാന്യം എന്ത്?
36. യേശു ചെയ്ത അത്ഭുതങ്ങളെ എത്രയായി തരം തിരിക്കാം? അവ ഏതെല്ലാം?
37. പത്ത് ബാധകൾ ഏതെല്ലാം?
38. ന്യായാധിപന്മാർ ആരായിരുന്നു? അവരുടെ ഭരണകാലം എത്ര വർഷം ആയിരുന്നു?

**IX ഓരോ ഖണ്ഡികയിൽ ഉത്തരമെഴുതുക** (41–42) **(2×4=8)**

39. ഗിരി പ്രഭാഷണം
40. ദാവീദിന്റെ ശ്രേഷ്ഠഗുണങ്ങൾ ഏതെല്ലാം?

**X ഒരു പേജിൽ കുറയാതെ ഉപന്യസിക്കുക** **(1×12=12)**

41. (a) യേശുവിന്റെ പരീക്ഷയുടെ പ്രത്യേകതകളും ഓരോ പരീക്ഷകളും, അവയ്ക്കുള്ള മറുപടിയും വിശദമാക്കുക

*അല്ലെങ്കിൽ*

(b) നാലു സുവിശേഷഗ്രന്ഥങ്ങളെക്കുറിച്ചും അവയിൽ ഓരോന്നിലും യേശുവിനെ വെളിപ്പെടുത്തിയതിനെക്കുറിച്ചും വിശദമാക്കുക

**XI** 44. പലസ്തീന്റെ പടം വരച്ച് മെരോം തടാകം, ഗലീലക്കടൽ, യെരുശലേം, ചാവുകടൽ എന്നിവ അടയാളപ്പെടുത്തുക **(1×7=7)**

**XII വാക്യം എഴുതുക** (45–49) **(5×4=20)**

43. ഗലാത്യർ 3:27
44. മത്തായി 7:12
45. അ.പ്ര. 17:26
46. 1ശമു. 7:12
47. 2 ദിന.15:4

CHURCH OF GOD IN INDIA, KERALA STATE

## SUNDAY SCHOOL ANNUAL EXAMINATION, 2022

**ക്ലാസ്സ് 8**

Time 2 hrs.
Marks 100

**I ശരിയായ ഉത്തരം എടുത്ത് എഴുതുക (1-10) (10× 1=10)**

1) 'ഏറ്റം ഉൽകൃഷ്ട തത്വശാസ്ത്രമായി തിരുവെഴുത്തുകളെ ഞാൻ കരുതുന്നു. മറ്റേതൊരു ലോകചരിത്രത്തേക്കാളും കൂടുതൽ ആധികാരികമായി ബൈബിളിനെ ഞാൻ കാണുന്നു' ആരുടെ വാക്കുകൾ?
(മാർട്ടിൻ ലൂഥർ, സർ ഐസക് ന്യൂട്ടൺ, എബ്രഹാം ലിങ്കൺ)
2) പുതിയനിയമത്തിൽ ആകെ എത്ര അദ്ധ്യായങ്ങൾ ഉണ്ട്?
(27, 1189, 260)
3) ഇന്ത്യയിലെ ഏതു ഭാഷയിലാണ് ആദ്യ ബൈബിൾ വിവർത്തനം നടന്നത്? (മലയാളം, സംസ്കൃതം, തമിഴ്)
4) ആദം എത്രമാത്തെ വയസ്സിൽ ആണ് മരിച്ചത്?
(930, 100, 636)
5) സ്വയം കേന്ദ്രീകൃതമായ ജീവിതത്തെ ദൈവകേന്ദ്രീകൃതമായി മാറ്റുന്നതാണ് ............... (സ്നാനം, ഉൽപ്രാപണം, വിശുദ്ധീകരണം)
6) റോമാലേഖനം ഏത് കാലഘട്ടത്തിൽ ആണ് എഴുതിയത്?
(AD 57-58, AD 61 - 63, AD 44 - 46)
7) ടൈബർ നദി എവിടെയാണ് സ്ഥിതി ചെയ്യുന്നത്?
(യെരുശലേം, ആഫ്രിക്ക, റോം)
8) പൗലോസിന്റെ ജന്മസ്ഥലം ഏത്?
(തർസോസ്, കുപ്രോസ്, ഇക്കോന്യ)
9) പാപിയായ മനുഷ്യനെ ദൈവം സ്വപുത്രനിൽകൂടി നീതിമാന്മാരായി പ്രഖ്യാപിക്കുന്ന പ്രക്രിയയാണ് ...............................
(വീണ്ടും ജനനം, നീതികരണം, രക്ഷ)
10) യൂറോപ്പിലെ പ്രഥമ വിശ്വാസി ആര്?
(ലുദിയ, വെളിച്ചപ്പാടത്തി, റോമൻ ജയിൽ സൂപ്രണ്ട്)

**II പേരെഴുതുക (11-15) (5×1=5)**

11) ദൈവത്തിന്റെ ഭാഷ എന്നും ഭാഷകളുടെ മാതാവ് എന്നും അറിയപ്പെടുന്ന ഭാഷ ഏതാണ്?
12) 1611-ൽ പ്രസിദ്ധീകരിച്ച ഇംഗ്ലീഷ് വേദപുസ്തകം ഏത്?
13) പൗലോസ് റോമിലെ തടവിൽ വെച്ചു രക്ഷയിലേക്കു നടത്തിയ അടിമ ആര്?
14) വേദപുസ്തകത്തിൽ ആദ്യം ദശാംശം കൊടുത്തയാൾ ആരാണ്?
15) പൗലോസിന്റെ അവസാന ലേഖനം ഏത്?

**III പൂരിപ്പിക്കുക (16-20) (5×1=5)**

16) ....................... എന്ന യവനായ പദത്തിൽ നിന്നാണ് പാപം എന്ന വാക്ക് ഉണ്ടായത്
17) വേദപുസ്തകം പകർത്തി എഴുതിയവരെ ...............എന്നു വിളിച്ചിരുന്നു
18) പൗലോസ് എഫെസ്യ ലേഖനം എഴുതിയ സ്ഥലം ............. ആകുന്നു
19) കൃപയാൽ ദൈവം സൗജന്യമായി നൽകുന്ന ദാനമാണ് ........................
20) പൗലോസിന്റെ മൂന്നു മിഷനറിയാത്രയുടെ കേന്ദ്രവും സിറിയയിലെ ................ എന്ന സ്ഥലം ആയിരുന്നു

**IV അർത്ഥം എഴുതുക (21-24) (4×1=4)**

21) പെനിൻ 22) പാപം 23) എപ്പിസ്റ്റൊലി 24) സ്നാനം

**V കാരണം എഴുതുക (25-26) (2×2=4)**

25) എഫെസോസിലെ ലഹളയുടെ കാരണം
26) ആദിമസഭയുടെ മാഗ്നാകാർട്ടയായി ഗലാത്യ ലേഖനം അറിയപ്പെടുന്നു

**VI രണ്ടോ മൂന്നോ വാക്യങ്ങളിൽ ഉത്തരമെഴുതുക(27-31) (5×2=10)**

27) വൈകാരികതലത്തിൽ പക്വത പ്രാപിക്കുവാൻ ഉള്ള നാല് മാർഗ്ഗങ്ങൾ ഏവ?
28) ബൈബിൾ വിവർത്തനത്തിൽ വില്യം കേറിയുടെ സംഭാവന എന്ത്?
29) പാപത്തിന്റെ ഫലങ്ങൾ എന്തെല്ലാം?
30) കർത്തൃമേശയുടെ വിവിധ പേരുകൾ എന്തെല്ലാം?
31) റോമാലേഖനത്തെ രക്ഷയുടെ ആധാരരേഖ എന്ന് എന്തുകൊണ്ട് വിളിക്കുന്നു?

**VII സന്ദർഭം കുറിച്ച് ആശയം വ്യക്തമാക്കുക (32-33) (2×3=6)**

32) 'കടന്നുവന്നു ഞങ്ങളെ സഹായിക്കുക'
33) 'ആത്മാവാൽ ശരീരത്തിന്റെ പ്രവൃത്തികളെ മരിപ്പിക്കുന്നു എങ്കിലോ നിങ്ങൾ ജീവിക്കും'

**VIII ഓരോ ഖണ്ഡികയിൽ ഉത്തരമെഴുതുക (34-37) (4×4=16)**

34) ആത്മാവിന്റെ രക്ഷ
35) യെഹൂദന്മാരുടെ സാമ്പത്തിക ധർമ്മം
36) ക്രേത്തയിൽ നിന്നുള്ള പൗലോസിന്റെ കപ്പൽയാത്ര
37) സുവിശേഷീകരണത്തിൽ കൗമാരക്കാർ അഭിമുഖീകരിക്കുന്ന ചില തടസ്സങ്ങളും പ്രതിവിധികളും

**IX38. ഒരു പേജിൽ കുറയാതെ ഉത്തരമെഴുതുക**(ഏതെങ്കിലും രണ്ടെണ്ണം) **(2×10=20)**

(a) ദേഹം, ദേഹി, ആത്മാവ് എന്നിവയുടെ രക്ഷയെപ്പറ്റി ഉപന്യസിക്കുക
(b) യേശുക്രിസ്തുവിന്റെ സാമ്പത്തിക വീക്ഷണവും പുതിയനിയമസഭയുടെ സാമ്പത്തിക ധർമ്മവും വിവരിക്കുക
(c) പൗലോസിന്റെ ഒന്നാം മിഷനറി യാത്രയെപ്പറ്റി ഉപന്യസിക്കുക

**X വാക്യം എഴുതുക (39-43) (5×4=20)**

39) അപ്പോ.പ്ര. 20:24 40) മത്തായി 16:18 41) ഫിലി. 3:14
42) സങ്കീ. 50:5 43) യെശ. 34:16

CHURCH OF GOD IN INDIA, KERALA STATE

# SUNDAY SCHOOL ANNUAL EXAMINATION, 2022

## ക്ലാസ്സ് 9

Time 2 hrs.
Marks 100

**I ശരിയായ ഉത്തരം എടുത്ത് എഴുതുക** (1-10) **(10× 1=10)**

1. ഭോജനയാഗത്തിൽ ചേർക്കാൻ പാടില്ലാത്ത വസ്തു ഏത്?
   (ഉപ്പ്, തേൻ, എണ്ണ)
2. ഏഴാം മാസത്തിലെ പെരുന്നാൾ ഏതാണ്?
   (പെസഹ പെരുന്നാൾ, പെന്തക്കൊസ്തു പെരുന്നാൾ, കൂടാര പെരുന്നാൾ)
3. അദ്ധ്യാപന പ്രവാചകൻ ആര്?
   (മോശെ, ശമുവേൽ, നാഥാൻ)
4. യേശുക്രിസ്തുവിന്റെ മടങ്ങിവരവിനെപ്പറ്റി പറഞ്ഞിട്ടില്ലാത്ത ലേഖനം ഏത്? (റോമർ, ഗലാത്യർ, ഫിലിപ്യർ)
5. ശമുവേലിന്റെ ആത്മീയ ശിക്ഷണത്തിൽ വളർന്ന പ്രവാചക ശിഷ്യൻ ആര്? (ഏലിയാവ്, ദാൻ, ഗാദ്)
6. ദൈവം കല്പിച്ചുകൊടുത്ത ഉത്സവങ്ങൾ കൂടാതെ പിൽക്കാലത്ത് ആചരിച്ചു തുടങ്ങിയ ഉത്സവം ഏത്?
   (കൂടാരപ്പെരുന്നാൾ, പെന്തക്കോസ്തു പെരുന്നാൾ, പ്രതിഷ്ഠോത്സവം)
7. അരാമ്യഭാഷയിലും എബ്രായ ഭാഷയിലും എഴുതിയ പ്രവചനം ഏത്?
   (യിരെമ്യാവ്, യെഹസ്കേൽ, ദാനിയേൽ)
8. നഹൂം എന്ന പേരിന്റെ അർത്ഥമെന്ത്?
   (യഹോവ ഒളിപ്പിക്കുന്നവൻ, ആശ്വാസകൻ, സ്നേഹത്തിന്റെ ആലിംഗനം)
9. പെന്തക്കോസ്തു പെരുന്നാളിന്റെ മറ്റൊരു പേര്?
   (കൂടാരപ്പെരുന്നാൾ, ആദ്യഫലപ്പെരുന്നാൾ, വാരോത്സവപ്പെരുന്നാൾ)
10. യെശയ്യാ പ്രവചനത്തിന്റെ താക്കോൽ പദം ഏത്?
    (സ്നേഹം, രക്ഷ, ദൈവവുമായുള്ള സമാധാനം)

**II പേരെഴുതുക** (11-15) **(5× 1=5)**

11. ബൈബിളിലെ ആദ്യപ്രവചനം നടത്തിയതാര്?
12. യാഗങ്ങളുടെ പരിസമാപ്തി കുറിച്ചത് ആരുടെ കാലത്താണ്?
13. മഹോപദ്രവം നടത്തുന്നതാര്?
14. സഹസ്രാബ്ദ കാലത്തെ ഭരണകർത്താവ് ആരാണ്?
15. സാമൂഹിക നീതിയുടെ പ്രവാചകൻ ആര്?

**III പൂരിപ്പിക്കുക** (16-20) **(5× 1=5)**

16. ............................ പ്രവാചകൻ, യെശയ്യാ പ്രവാചകന്റെ സമകാലീനൻ ആയിരുന്നു
17. പഴയനിയമത്തിലെ 27-ാമത്തെ പുസ്തകമാണ് ..........................
18. കഴുത്തുമുതൽ പാദം വരെ നീളമുള്ളതുകൊണ്ടാണ് ഇതിനെ ...................... കുപ്പായം എന്ന് വിളിക്കുന്നത്.
19. മൊത്തമുള്ള 5 യാഗങ്ങളുടെ കൂട്ടത്തിൽ രക്തമില്ലാത്ത യാഗം ................ മാത്രമാണ്.
20. യിസ്രായേലിന്റെ ഒന്നാമത്തെ പെരുന്നാൾ ആണ് ...................... പെരുന്നാൾ

**IV അർത്ഥം എഴുതുക** (21-24) **(4× 1=4)**

21. റോയ് 22. യെശയ്യാവ് 23. സെഖര്യാവ് 24. പ്രമാണി

**V കാരണം എഴുതുക** (25-26) **(2× 2=4)**

25. ദൈവം യിസ്രായേലിന് പ്രവാസം കല്പിച്ചു
26. മിഖാപ്രവാചകനെ എന്തുകൊണ്ട് ചെറിയ യെശയ്യാവ് എന്ന് വിളിക്കുന്നു

**VI രണ്ടോ മൂന്നോ വാക്യങ്ങളിൽ ഉത്തരമെഴുതുക**(27-32) **(6× 2=12)**

27. പാപയാഗത്തിലെ യാഗവസ്തുക്കൾ ഏവ?
28. ആദ്യഫലപ്പെരുന്നാളിന്റെ ആചരണരീതി എങ്ങനെയാണ്?
29. മലാഖി പ്രവചനത്തിൽ പറഞ്ഞിരിക്കുന്ന 3 ദൂതന്മാർ ആരെല്ലാം?
30. ഹോമയാഗത്തിലെ ദഹനത്തിൽ അടങ്ങിയിരിക്കുന്ന പ്രധാന വസ്തുതകൾ ഏതെല്ലാം?
31. സഹസ്രാബ്ദ രാജ്യത്തിലെ ഭൂപ്രകൃതി എങ്ങനെയാണ്?
32. പ്രവാസത്തിലേക്ക് പോയ 10 ഗോത്രങ്ങളുടെ മടങ്ങിവരവ് ഇന്നുവരെ പൂർണമായിട്ടില്ല, എന്തുകൊണ്ട്?

**VII ഓരോ ഖണ്ഡികയിൽ ഉത്തരമെഴുതുക** (33-37) **(5× 5=25)**

33. പ്രതിഷ്ഠോത്സവം
34. ക്രിസ്തുവിന്റെ രണ്ടാം വരവിനെ ചൂണ്ടിക്കാണിക്കുന്ന പ്രകൃതിയിലെ ലക്ഷണങ്ങൾ ഏതെല്ലാം?
35. ഹർമ്മെഗദ്ദോൻ യുദ്ധത്തെക്കുറിച്ച് വിവരിക്കുക
36. ദേശീയ ദുരന്തത്തിന്റെ വെളിച്ചത്തിൽ പ്രവാചകപുസ്തകങ്ങളുടെ വിഭജനം എങ്ങനെയെന്ന് വിവരിക്കുക
37. യേശുക്രിസ്തുവിന്റെ രഹസ്യവരവിൽ എടുത്തുകൊള്ളപ്പെടേണ്ടതിന് വേണ്ട യോഗ്യതകൾ എന്തെല്ലാം?

**VIII ഉപന്യസിക്കുക (ഏതെങ്കിലും ഒരെണ്ണം)** **(1× 15=15)**

38. മഹോപദ്രവകാലത്ത് ഭൂമിയിലും സ്വർഗ്ഗത്തിലും നടക്കുന്ന പ്രധാന സംഭവങ്ങൾ എന്തെല്ലാം?

**OR**

യേശുക്രിസ്തുവിന്റെ മടങ്ങിവരവ് ബൈബിളിലെ പ്രധാന വിഷയം ആണെന്നതിന്റെ തെളിവുകൾ ഏതെല്ലാം?

**IX വാക്യം എഴുതുക** (40-44) **(5× 4=20)**

39. യിരെമ്യാവ് 1:10 40. ദാനിയേൽ 12:1 41. യോഹന്നാൻ 6:51
42. എബ്രായർ 3:1 43. വെളിപ്പാട് 21 : 1, 2

CHURCH OF GOD IN INDIA, KERALA STATE

# SUNDAY SCHOOL ANNUAL EXAMINATION, 2022

Time 2 hrs.
Marks 100

## ക്ലാസ്സ് 10

**I ശരിയായ ഉത്തരം തെരഞ്ഞെടുത്ത് എഴുതുക** (1–7) **(7 ×1 =7)**

1) 'നഷ്ടമായി പോകാത്തതിനു വേണ്ടി, നഷ്ടമായി പോകുന്നത്, നഷ്ടമാക്കുന്നവൻ ഒരു വിഡ്ഢിയല്ല' ആരുടെ വാക്കുകൾ ആണ്? (ഹൽഡ്രിച്ച് സ്വിംഗ്ല, ജിം എലിയറ്റ്, നെയ്റ്റസെയ്ന്റ്)
2) അമലോത്ഭവ ഉപദേശം നടപ്പിലാക്കിയ വർഷം ഏത്? (1864, 1874, 1884)
3) സഭാ അംഗത്വത്തിനുള്ള അടിസ്ഥാന യോഗ്യത എന്ത്? (മാനസാന്തരം, പുതുജനനം, പരിശുദ്ധാത്മ അഭിഷേകം)
4) ഗ്രീക്ക് ഭാഷയിൽ കൃപാവരങ്ങൾക്ക് ഉപയോഗിച്ചിരിക്കുന്ന പദം (കരിസ്മാറ്റിക്, കരിസ്മാറ്റ, കരിസ്മ)
5) ദൈവത്തിന്റെ തിരുഹിതം ജനത്തോട് അറിയിക്കുന്നത് ആര്? (പ്രവാചകൻ, പുരോഹിതൻ, രാജാവ്)
6) യേശുക്രിസ്തു പരസ്യശുശ്രൂഷ തുടങ്ങിയത് എത്ര വയസ്സിൽ ആണ്? (12, 30, 33)
7) യിസ്രയേൽ ജനതയുടെ വിശ്വാസ പ്രമാണത്തെ വിളിക്കുന്ന പേര് എന്ത്? (കോസ്മോസ്, തോറ, മിഷ്ണ)

**II പേരെഴുതുക** (8–12) **(5×1=5)**

8) പിതാവും പുത്രനും പരിശുദ്ധാത്മാവും ഒരാൾ 3 വേഷത്തിൽ പ്രത്യക്ഷപ്പെടുന്നു എന്ന ചിന്താഗതിയുടെ പേര്
9) പുതിയനിയമത്തിൽ സഭ എന്നതിന് ഗ്രീക്ക് ഭാഷയിൽ ഉപയോഗിച്ചിരിക്കുന്ന പദം ഏത്?
10) ജീവിച്ചിരിക്കുമ്പോൾ മാനസാന്തരപ്പെടാത്ത എല്ലാവരും മരണശേഷം പോകുന്ന സ്ഥലം
11) പത്രോസ് എന്ന പേര് ഉണ്ടായത് ഏത് വാക്കിൽ നിന്നാണ്?
12) ഹൽഡ്രിച്ച് സ്വിംഗ്ലി ജനിച്ച രാജ്യത്തിന്റെ പേര്

**III പൂരിപ്പിക്കുക** (13–17) **(5×1= 5)**

13) ഓകാസ് ജനവിഭാഗത്തിനുവേണ്ടി ജിം എലിയറ്റ് രൂപം കൊടുത്ത പദ്ധതിയാണ് ..................................
14) പരിശുദ്ധാത്മാവ് ദൈവത്തിന്റെ ആളത്വം ആയതിനാൽ പരിശുദ്ധാത്മാവിനെ ........................
15) പരിശുദ്ധാത്മാവിനെ അഗ്നിയോട് സദൃശ്യമാക്കുന്നത് രണ്ട് അർത്ഥത്തിൽ ആണ്. ഒന്ന് ........................................, രണ്ട് ......................................
16) ........................ എന്ന യവനായ വാക്കിന്റെ എബ്രായപദം ആണ് 'മശിഹ'
17) ദൈവിക വെളിപ്പാടിന്റെ ഔദ്യോഗിക രേഖയാണ് ........................

**IV അർത്ഥം എഴുതുക** (18–21) **(4×1=4)**

18) ഹവ 19) വിശുദ്ധി 20) നിക്കോ 21) ഥെയോസ്

**V കാരണം എഴുതുക** (22–23) **(2×2=4)**

22) ദൈവം യിസ്രായേലിനെ ജാതീയ രാജാക്കന്മാർക്ക് വിറ്റുകളഞ്ഞു
23) കൃപായുഗത്തെ പരിശുദ്ധാത്മാവിന്റെ യുഗം എന്നു വിളിക്കുന്നു

**VI രണ്ടോ മൂന്നോ വാക്യങ്ങളിൽ ഉത്തരമെഴുതുക** (24–30) **(7×2=14)**

24) യഹോവയുടെ നാമ വിശേഷണങ്ങളും അവയുടെ അർത്ഥവും എഴുതുക (ഏതെങ്കിലും 4 എണ്ണം)
25) ദൈവത്തിന്റെ ബാന്ധിക വിശേഷ ലക്ഷണങ്ങൾ പട്ടികയിൽ എഴുതുക
26) മനുഷ്യനിൽ കാണുന്ന ത്രിത്വ പ്രതിഭാസങ്ങൾ എന്തെല്ലാം?
27) പരിശുദ്ധാത്മാവിനെ ക്രിസ്തുവിന്റെ ആത്മാവ് എന്ന് വിളിക്കുന്നത് എന്തുകൊണ്ട്?
28) പരിശുദ്ധാത്മാവ് ഒരു വ്യക്തിയിൽ ബോധം വരുത്തുന്ന മൂന്ന് കൂട്ടം കാര്യങ്ങൾ ഏതെല്ലാം?
29) സഭയുടെ പേരുകൾ എഴുതുക
30) എപ്പിസ്കോപ്പൽ സഭകൾ എന്തുകൊണ്ട് അങ്ങനെ അറിയപ്പെടുന്നു?

**VII സന്ദർഭം കുറിച്ച് ആശയം വിശദമാക്കുക** (31–32) **(2×4=8)**

31) 'എന്റെ ഏറ്റവും വലിയ ആഗ്രഹം യേശുവിനെ പ്രസാദിപ്പിക്കണം എന്നതാണ്'
32) എന്റെ പിതാവിന് ഉള്ളതിൽ ഞാൻ ഇരിക്കേണ്ടതല്ലയോ?

**VIII ഓരോ ഖണ്ഡികയിൽ ഉത്തരമെഴുതുക**(ഏതെങ്കിലും 4 എണ്ണം) (33–37) **(4×4=16)**

33) ശിശുസ്നാനം
34) ആൽക്കഹോൾ ഉപയോഗവും അതിന്റെ ദോഷങ്ങളും
35) ക്രൂശിലെ ഏഴു മൊഴികൾ
36) യേശുവിന്റെ മരണംകൊണ്ട് ഉള്ള പ്രയോജനങ്ങൾ
37) പ്രകൃതിയിൽ കാണുന്ന ത്രിത്വ പ്രതിഭാസങ്ങൾ

**IX** 38) യേശുക്രിസ്തുവിന്റെ ഏഴ് നിസ്തുല്യ നാമങ്ങൾ ചുരുക്കമായി വിശദീകരിക്കുക **(1×7=7)**

**X ഉപന്യസിക്കുക** (ഏതെങ്കിലും ഒരെണ്ണം) **(1×15=15)**

39. a) ക്രൈസ്തവ സമൂഹത്തിലെ ഏതെങ്കിലും 4 അനാചാരങ്ങളെക്കുറിച്ച് വിശദീകരിക്കുക **OR**

b) യേശുക്രിസ്തുവിന്റെ നിസ്തുല്യ ചരിത്രവും സമകാലിന സാക്ഷ്യങ്ങളും വിശദീകരിക്കുക (ജനനവും വളർച്ചയും, പരസ്യ ശുശ്രൂഷയും ശിഷ്യഗണങ്ങളും, പ്രധാന പ്രസംഗവിഷയം, രണ്ട് സമകാലീന സാക്ഷ്യങ്ങൾ)

**XI വാക്യം എഴുതുക** (40–44) **(5×3=15)**

40) റോമർ 12:1 41) യോഹ. 14:16 42) ലൂക്കോ. 4:18,19
43) പുറപ്പാട് 15:26 44) 2 കൊരി. 13:14

## CHURCH OF GOD IN INDIA, KERALA STATE
## SUNDAY SCHOOL ANNUAL EXAMINATION, 2022

### ക്ലാസ്സ് 11

Time 2 hrs.
Marks 100

**I ശരിയായ ഉത്തരം തെരഞ്ഞെടുത്ത് എഴുതുക** (1-7) **(7×1=7)**

1. പത്രൊസിന് ഏത് വ്യക്തിത്വ വീക്ഷണമാണ് കൂടുതൽ അഭികാമ്യം? (ബഹിർമുഖം, അന്തർമുഖം, സൗമ്യമുഖം)
2. പുതിയ യെരുശലേം മതിലിന്റെ ഉയരം ........................ മുഴമാണ്. (140, 120, 144)
3. പുതിയ ജീവവൃക്ഷം എവിടെ കാണുന്നു? (ഏദെൻതോട്ടം, സഹസ്രാബ്ദആലയം, യെരുശലേം)
4. ദാനിയേൽപ്രവചനം എട്ടാം അധ്യായത്തിലെ ആട്ടുകൊറ്റന്മാരുടെ ദർശനം ദാനിയേലിന് ഉണ്ടായത് എവിടെവച്ചാണ്? (യെരുശലേം, ഏലാം, ദൂരസമഭൂമി)
5. ഹല്ലേലുയ്യാ എന്ന പദം പുതിയനിയമത്തിൽ എത്ര പ്രാവശ്യം കാണുന്നു? (4, 7, 10)
6. കൈ തൊടാത്ത കല്ല് എന്നത് ആരെ ചിത്രീകരിക്കുന്നു? (നെബൂഖദ്നേസർ, ക്രിസ്തു, ദാനിയേൽ)
7. 'ഉടുപ്പ് മലിനമാകാത്ത കുറെപേർ അവിടെ ഉണ്ടായിരുന്നു' എവിടെ? ( ഫിലദെൽഫിയ, സ്മുർന്ന, സർദീസ്)

**II പേര് എഴുതുക** (8-12) **(5×1=5)**

8. എഫെസോസ് സഭ സ്ഥാപിച്ചതാര്?
9. മഹത്വവും തേജസ്സും അണിഞ്ഞ ന്യായാധിപതി ആര്?
10. ഏത് ബാബേൽരാജാവിന്റെ കാലത്താണ് ദാനിയേൽ പ്രവാസത്തിന് പോയത്?
11. യേശുവിന് ശേഷം യെരുശലേമിനെ നശിപ്പിച്ച റോമൻ രാജാവ് ആര്?
12 യോഹന്നാൻ യാഗപീഠത്തിന്റെ കീഴിൽ കൊല്ലപ്പെട്ടവരുടെ ആത്മാക്കളെ കണ്ടത് എത്രാം മുദ്ര പൊട്ടിച്ചപ്പോഴാണ്?

**III പൂരിപ്പിക്കുക** (13-17) **(5×1=5)**

13. കുഞ്ഞാടിന്റെ കാന്തയായ മണവാട്ടിയെ യോഹന്നാൻ കണ്ടത് ഒരു സ്ത്രീയായിട്ടല്ല മറിച്ചു ഒരു ___________ ആയിട്ടാണ്.
14. ബാബിലോണ്യസഭ പെരുവെള്ളത്തിൻ മീതെ ഇരിക്കുന്ന ______ആണ്.
15. _________ കാഹളം ഊതുമ്പോൾ ഭൂമിയിൽ മൂന്നാംകഷ്ടം തുടങ്ങുന്നു.
16. ശീതോഷ്ണ അവസ്ഥയിലുള്ള സഭ _______ ആകുന്നു.
17. അബ്രഹാമിന്റെ വിളി മുതൽ യിസ്രായേൽ മിസ്രയീം വിട്ടത് വരെ ___________ വർഷമായിരുന്നു.

**IV അർത്ഥം എഴുതുക** (18-20) **(3×1=3)**

18. പെർഗ്ഗമോസ് 19. ഷാബു 20. സ്മുർന്ന

**V കാരണം എഴുതുക** (21-22) **(2×2=4)**

21. സ്വർഗ്ഗത്തിൽ ഏകദേശം അര മണിക്കൂറോളം മൗനത ഉണ്ടായി.
22. യഹൂദൻ അവസാന ആഴ്ചവട്ടത്തെ കഷ്ടതയിൽ കൂടി കടന്നുപോകേണ്ടി വരുന്നു.

**VI രണ്ടോ മൂന്നോ വാക്യങ്ങളിൽ ഉത്തരമെഴുതുക** (23-29) **(7×2=14)**

23. ദൂതന്മാർ ആരാണ്? അവരുടെ സൃഷ്ടിപ്പിന്റെ ഉദ്ദേശം എന്തായിരുന്നു?
24. സാത്താൻ എങ്ങനെ ഉണ്ടായി?
25. ഐക്യയിസ്രായേൽ രണ്ടായി വിഭജിക്കപ്പെട്ടത് എങ്ങനെ?
26. മൂന്ന് വിളംബരങ്ങളിൽ നിത്യസുവിശേഷം എന്തിനുവേണ്ടി ഘോഷിക്കപ്പെടുന്നു?
27. അന്തർമുഖനായവരുടെ വ്യക്തിത്വം എങ്ങനെയാണ് കാണപ്പെടുന്നത്?
28. യഹൂദ പ്രവാസത്തിൽ അകപ്പെടാൻ കാരണമെന്ത്?
29. യാക്കോബിന്റെ കഷ്ടകാലം എന്നാൽ എന്ത്?

**VII സന്ദർഭം കുറിച്ച് ആശയം വിശദമാക്കുക** (30-32) **(3×4=12)**

30. 'ഇല്ലെങ്കിലും ഞങ്ങൾ രാജാവ് നിർത്തിയ ദേവൻമാരെ സേവിക്കുക ഇല്ല'
31. 'ഇവിടെ കയറിവരുവിൻ എന്ന് സ്വർഗ്ഗത്തിൽ നിന്ന് ഒരു മഹാശബ്ദം കേൾക്കുകയും അവർ ഉയിർത്തു സ്വർഗ്ഗത്തിലേക്ക് പോവുകയും ചെയ്യും'
32. 'താലന്തോളം തൂക്കമുള്ള കൽമഴ പെയ്യുന്നതുമൂലം വൃക്ഷജന്തുലതാദികൾ എല്ലാം നശിക്കും'

**VIII ഓരോ ഖണ്ഡികയിൽ ഉത്തരമെഴുതുക** (ഏതെങ്കിലും 4 എണ്ണം) **(4×5=20)**

33. നരകത്തിലെ ദണ്ഡനോപാദികൾ.
34. സൂര്യനെ അണിഞ്ഞ സ്ത്രീ
35. അഞ്ചാം കാഹളം.
36. നെബുഖദ്നേസറിന്റെ രണ്ടാമത്തെ സ്വപ്നം
37. വിശ്വാസത്യാഗം

**IX ഉപന്യസിക്കുക** (ഏതെങ്കിലും ഒന്ന്) **(1×15=15)**

38. a) യേശുവിന്റെ സപ്താംഗ വർണ്ണനയെ പറ്റി ഉപന്യസിക്കുക. **OR**
b) നെബൂഖദ്നേസർ രാജാവ് കണ്ട ബിംബത്തെ കുറിച്ചുള്ള ദാനിയേൽ പ്രവാചകന്റെ വ്യാഖ്യാനം.

**X വാക്യം എഴുതുക** (39-43) **(5×3=15)**

39. ദാനി 4:17 40. വെളി. 15:4 41. എബ്രായർ 1:14
42. 2. കൊരി 4:4 43. വെളി 14:13

CHURCH OF GOD IN INDIA, KERALA STATE

## SUNDAY SCHOOL ANNUAL EXAMINATION, 2022

**ക്ലാസ്സ് 12**

Time 2 hrs.
Marks 100

**I താഴെക്കൊടുത്തിട്ടുള്ള ഏതെങ്കിലും നാലു വിഷയങ്ങൾക്ക് ഒരു ഖണ്ഡികയിൽ ഉത്തരം എഴുതുക** (4x5=20)

1. ഭാരതീയ മതങ്ങൾ
2. ദൈവീക സ്വഭാവത്തിലെക്കുള്ള പടികൾ
3. ഇൻറർനെറ്റ് ഉപയോഗവും സൈബർ സുരക്ഷയും
4. അന്ധകാരയുഗം, നവീകരണവും
5. സഭ പീഡനങ്ങൾ
6. ഇസ്രായേൽ ലോക ചരിത്രത്തിലെ അത്ഭുതം

**II ഏതെങ്കിലും നാലു ചോദ്യങ്ങൾക്ക് രണ്ടു പേജിൽ കവിയാതെ ഉത്തരമെഴുതുക** (4x20=80)

11. 'ഒരു വിശ്വാസിയുടെ ജീവിതം പ്രതിസന്ധികളിൽ പതറാതെ ഉറച്ചു നിൽക്കണമെങ്കിൽ വചനധ്യാനവും പ്രാർത്ഥനാശീലവും ആവശ്യമാണ്' അതിനുവേണ്ടി ഏതെല്ലാം നിലയിൽ നമ്മൾ ഒരുങ്ങണം വിശദീകരിക്കുക.
2. 'ഓരോയുഗത്തിലും ദൈവം നൽകുന്ന വ്യവസ്ഥകളും മനുഷ്യന്റെ പരാജയങ്ങളും, കൃപായുഗത്തിൽ ദൈവം നൽകിയ പരിഹാരവും' വിവരിക്കുക.
3. 'ഒരു കുടുംബത്തിന്റെ അടിസ്ഥാനം ദൈവമാണ് എല്ലാ തീരുമാനങ്ങളും ദൈവത്താൽ നിയന്ത്രിതം ആയിരിക്കണം' ഉപന്യസിക്കുക.
4. സഭ എന്നാൽ എന്ത് ? അതിന്റെ ഉൽഭവവും ആദ്യകാല വളർച്ചയും വിവരിക്കുക.
5. 'കേരളത്തിലെ പാരമ്പര്യ ക്രൈസ്തവ സമൂഹം എങ്ങനെ നവീകരണത്തിലൂടെ വേദപുസ്തക സത്യങ്ങളിലേക്ക് നയിക്കപ്പെട്ടു' വിശദീകരിക്കുക
6. (A) പണം എങ്ങനെ പക്വതയോടെ വിനിയോഗിക്കാം
   (B) പ്രകൃതി ദൈവത്തിന്റെ വരദാനമാണ് വിശദീകരിക്കുക
   (C) ന്യൂനപക്ഷ അവകാശങ്ങളും കടമകളും
   (D) സാത്താൻ ആരാധനയും നിരീശ്വരവാദവും